ഫസ്റ്റ് ബെൽ

പഠന പിന്തുണാ സാമഗ്രി
മലപ്പുറം വിദ്യാഭ്യാസ ജില്ല

Break the Chain
കൈവിടാതിരിക്കാം.. കൈ കഴുകൂ..

**<u>ഫസ്റ്റ് ബെൽപിന്തുണാ സാമഗ്രി</u>**
**<u>കേരളപാഠാവലി</u>**
**<u>ക്ലാസ് -10</u>**
**<u>കേരള പാഠാവലി</u>**
**<u>പാവങ്ങൾ- വർക്ക് ഷീറ്റ് -2</u>**

'**പാവങ്ങൾ**' പാഠ ഭാഗത്തിന് മുമ്പും ശേഷവുമുള്ള ഴാങ് വാൽഴാങിന്റെ കഥകൾ ഉൾപ്പെടെ അറിഞ്ഞാസ്വദിച്ച് 'ഫസ്റ്റ് ബെൽ 'ക്ലാസുകൾ നിങ്ങൾ കണ്ടിട്ടുണ്ടാകുമെന്ന് കരുതുന്നു.

താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കൂ ..

**"'ആ നിലയ്ക്കുള്ള ഒരുത്തനെ അകത്തു കടത്തുക!**
**എന്നല്ല അവനവൻ കിടക്കുന്നതിന് അടുത്തു കിടത്തുകയും !**
**ആ മനുഷ്യൻ കക്കുക മാത്രമല്ലേ ചെയ്യുള്ളൂ"**

മദാം മഗ്ളാർ ആത്മഗതമായി പറയുന്നതാണിത്.

ഴാങ് വാൽഴാങിനെ ക്കുറിച്ചുള്ള അവരുടെ **അഭിപ്രായപ്രകടനത്തിന്റെ** കാരണങ്ങൾ എന്തെല്ലാമായിരിക്കാം .?

**■ഴാങ് വാങ് ജയിൽ പുള്ളിയാണെന്ന മുൻ വിധി .**

**■അയാളെപ്പോലുള്ളവരെ അകത്തു കയറ്റാനേ പറ്റില്ലെന്ന കാഴ്ചപ്പാട്**

**■അരമനയിലെ വെള്ളി സാമാനങ്ങൾ അയാൾ കട്ടെടുത്തുക്ഷപ്പെട്ടുഎന്നവിലയിരുത്തൽ**

ഒരു മോഷ്ടാവിനോട് അനുഭാവം കാണിക്കാൻ പാടില്ലെന്നും **കുറ്റവാളി എന്നും കുറ്റവാളി തന്നെയായിരിക്കും** എന്ന കാഴ്ചപ്പാടല്ലേ മദാം മഗ്ളാറിനെ നയിക്കുന്നത്?
ഇത്തരം ചിന്തകൾ **സമകാലികസമൂഹത്തിലും** നിലനിൽക്കുന്നില്ലേ?
**ഈ കാഴ്ചപ്പാട് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ?**

'സ്നേഹിതാ, നിങ്ങൾ പോകുന്നതിന് മുമ്പ് ഇതാ നിങ്ങളുടെ മെഴുകുതിരിക്കാലുകൾ എടുക്കാം '

മെത്രാൻ്റെ ഴാങ് വാൽഴാങ്ങി നോടുള്ള സ്നേഹപൂർണ്ണമായ സമീപനം വ്യക്തമാക്കുന്ന വാക്കുകളല്ലേ ഇത് ?

സ്നേഹത്തിൻ്റെ വഴികളിലൂടെ ഴാങ് വാൽഴാങിൽ മന:സംസ്കരണം ഉണ്ടാക്കുന്ന ഒരു മാർഗ്ഗമാണ് മെത്രാൻ സ്വീകരിച്ചത്.

ചെറിയ കുറ്റങ്ങൾക്ക് കഠിനമായ ശിക്ഷ കൊടുക്കുന്ന നിയമ വ്യവസ്ഥയിലൂടെ കുറ്റവാളികളിൽ മാനസാന്തരം സംഭവിക്കാറുണ്ടോ?
മെത്രാൻപുലർത്തുന്ന സ്നേഹത്തിൻ്റെ സാധ്യതകളെക്കുറിച്ചും ചിന്തിക്കേണ്ടതല്ലേ?

സമകാലിക സമൂഹത്തിൽ കുറ്റവാളികളോട് പുലർത്തി വരുന്ന സമീപനങ്ങളെ വിശകലനം ചെയ്ത്,സ്നേഹചിന്തകൾ മുന്നോട്ടു വയ്ക്കുന്ന ഒരു കൃതി എന്ന നിലയിൽ നിങ്ങളുടെ വായനാനുഭവങ്ങൾ കൂടി പങ്കുവെച്ച് **'പാവങ്ങൾ, കാലാതീതമായ സാഹിത്യവിസ്മയം'**എന്ന വിഷയത്തിൽ ഒരു **ഉപന്യാസം** തയ്യാറാക്കുക.